"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- 68-ാമത് നെഹ്രു ട്രോഫി വള്ളം കളിയോടനുബന്ധിച്ചുള്ള സുവനീർ 2022 ലേക്ക് പരസ്യം അനുവദിച്ചത്- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.173/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 28.08.2022 ലെ M1-13336/2022 നമ്പർ റിലീസിംഗ് ഓർഡർ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 17.01.2024 ലെ DOT/10792/2023-എം1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

68-ാാംമത് നെഹ്രു ട്രോഫി വള്ളം കളിയോടനുബന്ധിച്ചുള്ള സുവനീർ 2022 ലേക്ക് പരസ്യം ചെയ്യുന്നതിലേക്കായി നെഹ്രു ട്രോഫി സുവനീർ കമ്മിറ്റിക്ക് പരാമർശം (1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ₹2,00,000/-(രണ്ട് ലക്ഷം രൂപ) യുടെ റിലീസിംഗ് ഓർഡർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക ഡയറക്ടറുടെ ധനവിനിയോഗ പരിധിക്കു അധികമായതിനാൽ വിനോദസഞ്ചാര വകുപ്പിൽ നിന്നും റിലീസിംഗ് ഓർഡർ നൽകിയ നടപടി സാധൂകരിച്ചു നൽകണമെന്നും, ടി തുക "3452-80-104-98-00-34-03- പിവി- മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷ നൽകുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 68-ാമത് നെഹ്രു ട്രോഫി വള്ളം കളിയോടനുബന്ധിച്ചുള്ള സുവനീർ 2022 ലേക്ക് കേരള ടൂറിസം പരസ്യം ചെയ്യുന്നതിലേക്കായി നെഹ്രു ടോഫി സുവനീർ കമ്മിറ്റിക്ക് വിനോദസഞ്ചാര വകുപ്പിൽ നിന്നും ₹2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ റിലീസിംഗ് ഓർഡർ നൽകിയ നടപടി സാധൂകരിച്ചുകൊണ്ടും ടി തുക "3452 -80-104-98-00-34-03 പി വി- മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്കു അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗസർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം നെഹ്രു ട്രോഫി ബോട്ട്റേസ് സുവനീർ കമ്മിറ്റി കൺവീനർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 16-03-2024 21:24:08

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്